# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 09/05/14

## ( 09 RAJAB 1435 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

ഇവിടെ സന്നിഹിതരായിരിക്കുന്നവരെ,എന്റെ വാക്കുകൾ ശ്രദ്ധിക്കുവിൻ തന്റെ സൃഷ്ടികളെ വഴികേടിന്റെ വലയിലകപ്പെടുത്താൻ ശ്രമിക്കുന്നൊരാളുടെ മേൽ ദൈവം തന്റെ സന്ദേശങ്ങൾ ഇറക്കുക എന്നത് സംഭവ്യമല്ല.അത്തരം വ്യക്തികൾ ഇസ്‌ലാമിന്റെ ശത്രുക്കളാണ്,നശിപ്പിക്കാൻ ഒരുമ്പെട്ടിറങ്ങയിരിക്കുന്നവർ. സത്യപ്രകാശം കൊണ്ട് ഇസ്ലാമിന്റെ മുഖം ഉദ്ദീപിപ്പിക്കാൻ കഴിയാത്തവർ. തന്റെ രാവുകളും പകലുകളും ഇസ്‌ലാമികസ്മരണികയിലും മതമൂല്യങ്ങളുടെ പുനരുജ്ജീവനത്തിലും ശ്രദ്ധിയ്ക്കാത്തവർ.മുസ്ലിംകൾക്കിടയിലെ വിവാദങ്ങളിൽ തന്റെ വ്യാജവാദങ്ങളിലും പ്രസ്താവനകളിലും കൂടി കൂടുതൽ കുഴപ്പങ്ങൾ സൃഷ്ടിക്കാനേ അവരുടെ പ്രവർത്തനങ്ങൻ വഴിവയ്ക്കുകയുള്ളു.

അത്തരം വ്യാജവാദികളെ ദൈവം അവഹേളന പാത്രമാക്കുകതന്നെചെയ്യും.കള്ളവാദികൾ നശിപ്പിക്കപ്പെടും.ശാപഗ്രസ്തരായി അവർ അലയേണ്ടിവരും. വളരെ കാലമായി ഞാൻ വെളിപാടുകളാൽ അനുഗ്രഹീതനാണ്.എന്നാൽ,ഈ കാര്യം ഞാൻ ലോകത്തോട് പറഞ്ഞില്ല ഇത്തരം വെളിപാടുകൾ ജനങ്ങളോട് പറയുവാൻ വ്യക്തമായ ദൈവകല്പനയിറങ്ങിയപ്പോൾ,അതനുസരിച്ചാണ് ഞാൻ ഇത് അറിയിച്ചത്.അതുകൊണ്ട്, എന്റെ ദൗത്യം തിന്മകളേയും തെറ്റുകളേയും എതിർക്കുക,അനീതിയ്ക്കെതിരെ പോരാടുക, ദൈവഭക്തരെ നേരായ വഴിനടത്തുക എന്നതാണ്. നിഷേധികളും അഹംഭാവികളും വഴിമാറി നില്ക്കും. ദിവ്യപ്രഭാവമുള്ള സത്യത്തിന്റെ പ്രകാശം അവരുടെ വാദങ്ങളെ കശക്കിയെറിയും.

ഇസ്‌ലാമിന്റെയും മുഹമ്മദ്നബി(സ)യുടെയും ശത്രുക്കൾ ആയിരക്കണക്കിനു പുസ്തകങ്ങളും ലഘുലേഖകളും പ്രസിദ്ധീകരിച്ചു.ഇസ്ലാമിനേയും പ്രവാചകശ്രേഷ്ടരേയും അവഹേളിയ്ക്കുന്ന അനവധി കാർട്ടൂണുകൾ ലോകം മുഴുവൻ പ്രചരിപ്പിക്കപ്പെട്ടിരിക്കുന്നു. അടിസ്ഥാനരഹിതമായ ആരോപണങ്ങൾ,അവഹേളനത്തിന്റെ ഭാഷയിൽ, നൈതിക മൂല്യങ്ങളെ തൃണവൽഗണിച്ചുകൊണ്ട്, പൊതുജനത്തിനുമുന്നിൽ കരിവാരിത്തേക്കുന്ന ആളുകളും അവരുടെ വലയത്തിലകപ്പെടുന്ന പ്രഭൃതികളും കൊണ്ട് ലോകം നിറഞ്ഞിരിക്കുന്നു.

എന്റെകണ്ണീരുകൾ ഇസ്‌ലാമിനുവേണ്ടിയുള്ളതാണ്. മുൻപുണ്ടായിരുന്ന പ്രൗഢിയും ഗരീമയും ഇസ്‌ലാമിനു നഷ്ടമായിരിക്കുന്നു. ഇക്കാര്യങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ, ഞാൻ ഏറെ ദുഖിതനാകുന്ന ദിവസങ്ങൾ തന്നെയുണ്ട്. മുസ്‌ലിംകളുടെ ആത്മീയ ശോഷണം ഓർത്ത് ഞാൻ വ്യസനചിത്തനാകുന്നു. ജനങ്ങൾ ശരിയായ പാത ഉപേക്ഷിച്ച്, മരുഭൂമിയിലേക്ക് പോകുന്നു.(ആത്മീയതയുടെ ജൈവീകതയിൽ നിന്നും ഭൗതീകതയുടെ തിരക്കിലേക്കാണ് അവരുടെ പ്രയാണം). വഴികേടിന്റെയും നാശത്തിന്റെയും പാത സ്വയം തെരഞ്ഞെടുത്ത് പോകുന്ന സാഹചര്യങ്ങൾ.

അതേ സമയം,മുസ്‌ലിംകളിൽ പലരും ഇസ്‌ലാംദീൻ ഉപേക്ഷിച്ച് മറ്റു മതങ്ങളിലേക്കു പോകുന്നു.അറിയപ്പെടുന്നതും സ്വാധീനമുള്ളതുമായ കുടുംബങ്ങളിൽ നിന്നുള്ള വരും ഭൗതീകസുഖങ്ങളും മതത്തിന്റെ ധാർമ്മികകെട്ടുപാടുകളിൽ നിന്നുള്ള മോചനവും ആഗ്രഹിച്ചുകൊണ്ട് ഇങ്ങനെ കൊഴിഞ്ഞുപോകുന്ന അവസ്ഥ. സാന്ദർഭികമായുള്ള ചിലചടങ്ങുകളിൽ പങ്കെടുത്ത് തങ്ങളുടെ മതമൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുവെന്നു സ്വയം വിശ്വസിപ്പിക്കുന്നവരും മുസ്‌ലിംകളിലുണ്ട്. ഭൗതീകതയുടെ വഴിയിലേക്കു മിക്കവരും ചാഞ്ഞുപോയിരിക്കുന്നു, ദൈവ ഭയം അവർക്കും നഷ്ടമായിരിക്കുന്നു. ദൈവസ്നേഹം എന്തെന്ന് ഉൾക്കൊള്ളാനും

കഴിയുന്നില്ല.മറ്റുമാർഗ്ഗങ്ങളിലാണ് ലൗകീക സൗഖ്യത്തിന്റെ താക്കോലുകൾ അവർ കാണുന്നത്. ഹൃദയംകൊണ്ട് മറ്റുമാർഗ്ഗങ്ങൾ അങ്ങനെ തെരഞ്ഞെടുക്കുന്നു. ഓരോദിവസവും ആയിരക്കണക്കിനു മുസ്‌ലിംകൾ ദൈവീക പ്രകാശത്തിന്റെ വഴിവിട്ട ഭൗതീകതയുടെ അന്ധകാരത്തിന്റെ മാർഗ്ഗങ്ങൾ തെരഞ്ഞെടുക്കുന്നു.

അതുകൊണ്ട്, അവരുടെ ഈമാൻ പുനരുജ്ജീവിപ്പിക്കാൻ സ്വർഗ്ഗീയാടയാളങ്ങൾ ആവശ്യമുണ്ട്. അവരുടെ ഉലമാക്കർ അവരെ ഉണർത്താൻ പലവർഷങ്ങളായി ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ,അവർ ഉറങ്ങിക്കൊണ്ടേയിരുന്നു.ഉപദേശകരുടെ പ്രസംഗങ്ങളും വ്യഥാവിലായി. ഹൃദയകാഠിന്യം അധികരിച്ചൊരു ജനതയായി അവർമാറി.നീതിയുടെയും മര്യാദയുടെയും നൈതീകതയുടെയും  സീമകൾ ഉപേക്ഷിക്കപ്പെട്ടു. ഹൃദയങ്ങൾ അന്ധമായി,ചിന്തകൾക്ക് വ്യക്തത നഷ്ടമായി.വികാരങ്ങൾക്ക് അവർ അടിമകളായി, തൃഷ്ണകൾക്കടിപ്പെട്ടു. നോക്കുമ്പോഴും കാണുന്നില്ല, ശ്രദ്ധിച്ചിട്ടും മനസ്സിലാവുന്നില്ല എന്ന അവസ്ഥ.

ഇത്തരം ആത്മീയരോഗങ്ങളുടെ ചികിത്സയ്ക്ക്, സ്വർഗ്ഗീയടയാളങ്ങൾ ഒന്നിനുപുറകെ ഒന്നായി ദിവ്യപ്രഭാവം വിളംബരപ്പെടുത്തിവരേണ്ടതുണ്ട്. എന്തെന്നാൽ, ഈമാൻ അകന്നുപോയിരിക്കുന്നു സന്ദേഹവാദങ്ങൾ മനുഷ്യനെ നിരാശയുടെ നെല്ലിപ്പലകയിൽ നിർത്തിയിരിക്കുന്നു. മനുഷ്യരാശിയിൽ ബഹുഭൂരിഭാഗം പേരും ഈ ലോകത്തെക്കുറിച്ച് മാത്രമേ ചിന്തിക്കുന്നുള്ള .ഈമാന്റെയും  ഇസ്‌ലാമിന്റെയും വിഷയങ്ങളിൽ അവർ അശ്രദ്ധരാണ്. ഭൗതീകതയുടെ മേൽ ഭ്രാന്തമായൊരു അഭിനിവേശം അവരിൽ പടർന്നിരിക്കുന്നു.

ഭൂരിഭാഗം മുസ്‌ലിംകളും ഇന്ന് ഈമാന്റെ മാർഗ്ഗത്തിലല്ല.പാപങ്ങൾ അവരുടെ മൂല്യങ്ങൾ  കത്തിച്ചുകളഞ്ഞിരിക്കുന്നു. മതനിരാസതയുടെ പാതയിൽ അവരെത്തിയിരിക്കുന്നുത് അതുകൊണ്ടാണ്. പാപങ്ങളിലും അവസരവാദങ്ങളിലും അവർ അടിപ്പെട്ടപ്പോൾ, ശൈത്താന്റെ സന്തതികൾക്ക് അവർ ഇരകളായി.ഒരു ഉപദേശത്തിനും അവരെ രക്ഷിക്കാനായില്ല.ഒരു താക്കീതുകാരന്റെ താക്കീതും അവർക്ക് പ്രയോജനപ്പെടില്ല.അവരുടെ നിലപാടിൽ ഒരുമാറ്റവും പ്രതീഷിക്കുകയും വേണ്ട.വ്യക്തമായ അടയാളങ്ങളും അത്ഭുതദൃഷ്ടാന്തങ്ങളും അവർക്കുമുമ്പിൽ അവതരിപ്പിക്കുന്നതിനായിട്ടാണ് അല്ലാഹു(ത) ഈ നൂറ്റാണ്ടിൽ ഒരു ദൂതനെ നിയോഗിച്ചിരിക്കുന്നത്. മുഹ്‌യിദ്ദീൻ, ഖലീഫത്തുല്ല എന്നീ നിലകളിൽ ഇസ്‌ലാമിന്റെ മഹത്ത്വം പ്രഘോഷിക്കുന്നതിനായി ഈ വിനീതനെ അയച്ചിരിക്കുന്നു.

ഈ പ്രസംഗം അവസാനിക്കുന്നതിനു മുമ്പ് മുൻവിധിയോടെ, ഞാൻ പറഞ്ഞകാര്യങ്ങൾ, തള്ളിക്കളയുന്നതിനു പകരം ,ഇക്കാര്യങ്ങൾ, ശ്രദ്ധിച്ച് വിലയിരുത്തണമെന്നും  അതിനുശേഷം അല്ലാഹു (ത) നിങ്ങളെ നയിക്കുന്ന വഴിയിൽ നിങ്ങൾ മുന്നോട്ടുപോകുമെന്നും ഞാൻ ആശിക്കുന്നു.നല്ലതും തഖ്‌വയിലധിഷഠിതവും ആയ തീരുമാനങ്ങൾ കൈക്കൊള്ളാൻ ദൈവം തമ്പുരാൻ തന്നെ  നിങ്ങളെതുണയ്ക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.


**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**Fazil Jamal**